TUESDAY 12.12.2023 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 12/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് ഇടുക്കി ജില്ലയിലെ പീരുമേട്, പൂഞ്ഞാർ (മുണ്ടക്കയം), കാഞ്ഞിരപ്പള്ളി (പൊൻകുന്നം), പുതുപ്പള്ളി (പാമ്പാടി) എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. ചിറയിൻകീഴ് മണ്ഡലം നവകേരള നിർമ്മിതിയുടെ ഭാഗമായി കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിൽ 'കേരഗ്രാമം' പദ്ധതിയുടെയും ചിറയിൻകീഴ് ബ്ലോക്ക് തല കിസാൻ മേളയുടെയും ഉദ്ഘാടനം ഇന്ന് (ഡിസംബർ 12) രാവിലെ 11 മണിക്ക് കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. ഷീലയുടെ അദ്ധ്യക്ഷതയിൽ ചിറയിൻകീഴ് എം. എൽ. എ. വി.ശശി നിർവ്വഹിക്കുന്നു. തുടർന്ന് ഗുണഭോക്താക്കൾക്കുള്ള വിവിധ ആനുകൂല്യ വിതരണവും നടക്കുന്നു. രാവിലെ 09 മണി മുതൽ ആരംഭിക്കുന്ന നവകേരള കാർഷിക പ്രദർശന വിപണന മേളയായ കിസാൻമേള-2023 ൽ വിവിധ സർക്കാർ- പൊതുമേഖല സഹകരണ സംഘങ്ങൾ, കുടുംബശ്രീ- വിനിതാഗ്രൂപ്പുകൾ, കൃഷിക്കൂട്ടങ്ങൾ കർഷകർ എന്നിവർ പ്രവർത്തന സ്റ്റാളുകൾക്ക് നേതൃത്വം നൽകുന്നു.

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന(2022-23) യുടെ ഭാഗമായി 2023-24 വർഷത്തിൽ നടപ്പിലാക്കുന്ന ഓപ്പൺ പ്രെസിഷൻ ഫാമിംഗ് പദ്ധതിക്ക് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട വാഴ /പച്ചക്കറി കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 1 ഹെക്ടർ വാഴക്ക് 96,000

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രൂപയും, 1 ഹെക്ടർ പച്ചക്കറിക്ക് 91,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

4. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്തവ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കർഷക പരിശീലനകേന്ദ്രം 2023 ഡിസംബർ മാസത്തിൽ **ചെറുധാന്യകൃഷിരീതിയും മൂല്യവർദ്ധിത ഉത്പന്നനിര്മാണവും തേനീച്ചവളർത്തൽ കൂൺ കൃഷി** എന്നീ വിഷയങ്ങളിൽ കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നുള്ള കർഷകർക്ക് പരിശീലനം നടത്തുന്നു. താത്പര്യമുള്ള കർഷകർ 0495-2373582 ഫോൺ നമ്പറിൽ ഡിസംബർ 15നു മുൻപ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനുമുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല.

5. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"രോഗകീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ"** എന്ന വിഷയത്തിൽ ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2023 ഡിസംബർ 18 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ 2023 ഡിസംബർ 17 നകം കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണണ്ടതാണ്. ഇരുപത്തിനാല് ദിവസം ദൈർഘ്യമുള്ള കോഴ്സ് മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ അല്ലെങ്കിൽ സ്മാർട്ട് ഫോണിൻറെ സഹായത്തോടെ കോഴ്സ് പഠിക്കാവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ കോഴ്സിൽ രജിസ്റ്റർ ചെയ്യാം.

6. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ മാസം 14 ന് പാൽ ഉൽപ്പന്ന നിർമ്മാണം, 16ന് പോത്ത് വളർത്തൽ, 22ന് ഇറച്ചി കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 0484 2950408

7. കർഷകരുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ മാധ്യമങ്ങൾ വഴി വിപണനം ചെയ്യാൻ സഹായിക്കുന്ന പരിശീലന പരിപാടി ഡിജിറ്റൽ മാർക്കറ്റിംഗ് പരിശീലനം കാർഷിക കോളേജ് പടന്നകാടിൽ ഡിസംബർ 20, 21 തീയതികളിൽ സംഘടിപ്പിക്കുന്നു. ഡിജിറ്റൽ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ മാർക്കറ്റിംഗ്, വെബ്സൈറ്റ് നിർമ്മാണം, ഈ കണ്ടന്റ് നിർമാണവും പരസ്യവും എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് 7306481338, 6282110691 എന്നീ ഫോൺ് നമ്പറുകളിൽ ബന്ധപ്പെടുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം